(ബി) ഉണ്ട്. അസിസ്റ്റന്റ് ലേബർ ആഫീസർമാർ പരിശോധന നടത്താറുണ്ട്. പുറമേ ജില്ലാ ലേബർ ആഫീസർമാർ ഉൾപ്പെടുന്ന സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു.

(സി) ഹോട്ടലുകളിൽ മാത്രമായല്ല പരിശോധന നടത്തിയതും നടത്തുന്നതും. ബാലവേല നിയമ പ്രകാരം കഴിഞ്ഞ വർഷം സെപ്റ്റംബർ മാസം വരെ 1206 പരിശോധനകൾ നടത്തിയിട്ടുണ്ട്. മുൻ പറഞ്ഞ സർവ്വേയുടെ ഭാഗമായി എന്യൂമറേറ്റർമാർ മൊത്തം രണ്ടേകാൽ ലക്ഷത്തോളം സ്ഥാപനങ്ങൾ സന്ദർശിച്ച് കണക്കെടുത്തിട്ടുണ്ട്.

(ഡി) 1996 മുതൽ 2003 മാർച്ച് മാസം വരെ പരിശോധനാ സമയത്ത് ക്രമക്കേടുകൾ കണ്ട 25 സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ

47 [2819] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. കെ. കെ. ബാവ :

,, ടി. പി. എം. സാഹിർ :

,, സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) വ്യവസായ പുരോഗതിയും പുനരുദ്ധാരണവും ലക്ഷ്യമാക്കിയാണ് പുതിയ തൊഴിൽ നയത്തിന് ഈ സർക്കാർ രൂപം നൽകിയിരിക്കുന്നത്. പൊതു മേഖലയിലും സഹകാര്യമേഖലയിലും നിക്ഷേപങ്ങൾ ഗണ്യമായി ആകർഷിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ ആരംഭിക്കുകയും അവ പുരോഗമിച്ചു വരികയുമാണ്. ഐ. റ്റി., ടൂറിസം, ബയോടെക്നോളജി എന്നീ മേഖലകളിലും പുതിയ തൊഴിലവസരങ്ങൾക്ക് സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly